**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3618**
**17.12.2015 ലെ മറുപടിക്ക്**

**<u>മഹിളാ പ്രധാൻ ഏജൻറുമാരുടെ വേതന കുടിശ്ശിക</u>**

| **ചോദ്യം.**<br>**ശ്രീ. മോൻസ് ജോസഫ്** | | **ഉത്തരം.**<br>**ശ്രീ. ഉമ്മൻ ചാണ്ടി,**<br>**(ബഹു. മുഖ്യമന്ത്രി)** |
|---|---|---|
| | **ചോദ്യം** | **ഉത്തരം** |
| (എ) | മഹിളാ പ്രധാൻ ഏജൻറുമാരുടെ വേതന കുടിശ്ശിക ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ട്; ഇത് കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നേക്ക് കൊടുത്തുതീർക്കും; വ്യക്തമാക്കുമോ; | മഹിളാ പ്രധാൻ, എസ്.എ.എസ് ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലമാണ് നൽകിവരുന്നത്. നവംബർ ഉൾപ്പെടെ ആറ് മാസത്തെ പ്രതിഫല കുടിശ്ശിക നിലവിലുണ്ട് അത് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വേതനം അതാത് മാസം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇവരുടെ വേതനം 1% കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; ഇവരുടെ ക്ഷേമനിധി, പെൻഷൻ എന്നിവ പുനഃപരിശോധിച്ച് പെൻഷൻ 5000/- രൂപയായി വർദ്ധിപ്പിക്കുന്നകാര്യം ആലോചിക്കുമോ? | മഹിളാ പ്രധാൻ ഏജന്റുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചശേഷമാണ് എത്ര തുക നൽകണം എന്ന് കണക്കാക്കുന്നത്. അതുകൊണ്ട് അതാത് മാസം പ്രതിഫലം കൊടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട് പ്രതിഫലം കൂട്ടുന്ന കാര്യവും ക്ഷേമനിധി, പെൻഷൻ എന്നിവ വർദ്ധിപ്പിക്കുന്ന കാര്യവും ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**